മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല. കൺട്രോൾ വിലയ്ക്കാണ് വില്ക്കേണ്ടതു്. അതുകൊണ്ടു് ലാഭവും നിശ്ചിതമാണു്. കൂടുതൽ വിലക്കു് അങ്ങിനെ തോന്നിയമാതിരി വില്ക്കുവാൻ പാടില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: തൂക്കത്തിൽ കുറച്ചുകൊടുക്കുന്നുണ്ടെന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സാധനങ്ങൾ തൂക്കം കുറച്ചുകൊടുക്കുവാൻ യാതൊരു വഴിയുമില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: വ്യാപാരികൾ ചെയ്യുന്ന തെറ്റുകളെ തീർക്കുവാനല്ലെ ഇങ്ങിനെ ഏല്പിച്ചുകൊടുക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: പിന്നെ എന്തിനാണു് ഇതു് ഏല്പിച്ചുകൊടുത്തിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആളുകൾക്കു് റേഷൻ കിട്ടുവാനായിട്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: എങ്ങിനെയുള്ള കൊ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണു് റേഷൻ ഷാപ്പു് ഏല്പിച്ചുകൊടുക്കാവുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സാമാന്യ നിയമം കാർഡ് ഹോൾഡേഴ്സ് അടങ്ങിയിട്ടുള്ള കൊ-ഓപ്പറേറ്റീവ് സൊസൈറ്റിക്കായിരിക്കണമെന്നാണു്. ഇതുകൂടാതെ കാർഡ് ഹോൾഡേഴ്സ് അല്ലാത്ത മെമ്പർമാരടങ്ങിയ ഒന്നോ രണ്ടോ സൊസൈറ്റികൾകൂടി ഉണ്ടോ എന്നറിഞ്ഞുകൂടാ.

മിസ്റ്റർ കെ. ഐ. വേലായുധൻ: റേഷൻ ഷാപ്പുകൾ ആക്കാണു് ഇതുവരേയും കൂടുതൽ ഏല്പിച്ചു കൊടുത്തിട്ടുള്ളതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവൺമെണ്ടു് അംഗീകരിച്ചിട്ടുള്ള നയം കാർഡ് ഹോൾഡേഴ്സ് അടങ്ങിട്ടുള്ള സൊസൈറ്റിക്കു് പ്രത്യേകത കൊടുക്കണമെന്നാണു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: അങ്ങിനെയല്ലാത്ത വല്ല സൊസൈറ്റിക്കും കൊടുത്തതായിട്ടു് ഓർമ്മയുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോൾ എനിക്കു ഓർമ്മയില്ല. അങ്ങിനെ കൊടുത്തിട്ടുണ്ടായിരിക്കാനും വിരോധമില്ല.

Mr. M. O. Thomakutty *(Commerce and Industry)*: May I know, Sir, what is the reason for cancelling these ration shop licenses in 1122?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്തെങ്കിലും ക്രമവിരുദ്ധമായിട്ടുള്ള പ്രവർത്തനങ്ങൾ കണ്ടാൽ ലൈസ്സൻസ് കാൻസൽ ചെയ്യും.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അങ്ങിനെ ക്രമവിരുദ്ധമായി പ്രവർത്തിച്ചതിനു് ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ശിക്ഷകളൊന്നുമില്ല. എന്നാൽ അളവിൽ കുറവു വരുത്തുക, നിസ്സാരമായിട്ടുള്ള ചില കളവുകൾ ഉണ്ടാകുക, ചിലപ്പോൾ വലിയ കളവുകൾ ഉണ്ടാകുക, ഇങ്ങിനെയുള്ള കാര്യങ്ങൾ വരുമ്പോൾ ലൈസ്സൻസ് കാൻസൽ ചെയ്യാറുണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അങ്ങിനെ എത്ര ആളുകളെ ശിക്ഷിക്കുകയുണ്ടായിട്ടുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എത്ര പേരെ ശിക്ഷിച്ചിട്ടുണ്ടെന്നു് പറയണമെങ്കിൽ അതിനു നോട്ടീസ്സു് വേണം. ഇങ്ങിനെയുള്ള കാര്യങ്ങളിൽ അവർ ഒരു റേഷൻ ഷാപ്പു് ഏല്പിച്ചു കൊടുക്കുവാൻ വിശ്വസ്ഥന്മാരല്ലെന്നു് ഗവൺമെണ്ടിനു സംശയമുള്ള സന്ദർഭങ്ങളിൽ ലൈസ്സൻസ് കൊടുക്കേണ്ട എന്നുവെച്ചു് കാൻസൽ ചെയ്തിട്ടുണ്ടു്.

SUB-ASSISTANT SURGEONS—PROMOTION OF

123. മിസ്റ്റർ കെ. എ. രാഘവൻ:

താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഒരു ക്ലിപ്തകാലത്തെ സർവ്വീസുള്ള സബ്ബ് അസിസ്റ്റണ്ടു് സർജൻമാരെ അസിസ്റ്റണ്ടു് സർജൻ ഗ്രേഡിലേക്കു് ഉയർത്തുവാൻ ഗവൺമെണ്ടിനുദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വിഷയത്തിൽ മദ്രാസ് ഗവണ്മെണ്ടു് അംഗീകരിച്ചിട്ടുള്ള നയമെന്താണെന്നു പറയാമൊ ?

റാവുബഹദൂർ ടി. കെ. നായർ :

(എ) പ്രസ്തുതവിഷയം ഗവണ്മെണ്ടിന്റെ ആലോചനയിലുണ്ടു്.

(ബി) മദ്രാസ് ഗവണ്മെണ്ടു് ഈ വിഷയത്തിൽ അംഗീകരിച്ചിട്ടുള്ള നയമെന്താണെന്നു് അന്വേഷിക്കുന്നുണ്ടു്.

മിസ്റ്റർ കെ. എ. രാഘവൻ : എത്ര നാളായി ഈ അന്വേഷണം തുടങ്ങിയിട്ടു്?

റാവു ബഹദൂർ ടി. കെ. നായർ : അന്വേഷണം തുടങ്ങിയിട്ടു് കുറച്ചു നാളായി. തീരുമാനമായിട്ടില്ല. ഏതാണ്ടു് നമ്മുടെ അടുത്തുള്ള പ്രോവിൻസുകളിലെ ഗവണ്മേണ്ടിന്റെ തീരുമാനമന്വേഷിച്ചുള്ള ഒരു നയം ഇവിടേയും ക്രമീകരിക്കാമെന്നു് വെച്ചിരിക്കുകയാണു്.

മിസ്റ്റർ പി. എ. മുഹമ്മദു് അഷറോഫ് : ആ തീരുമാനമന്വേഷിച്ചായിരിക്കുമൊ ഇവിടേയും തീരുമാനിക്കുവാൻ പോകുന്നതു്?

റാവു ബഹദൂർ ടി. കെ. നായർ: അവിടത്തെ നയം അങ്ങിനെതന്നെ ഇവിടെ പകർത്തണമെന്നു് വിചാരിക്കുന്നില്ല. പക്ഷെ അവിടത്തെ തീരുമാനവും നമ്മുടെ ആവശ്യങ്ങളുംകൂടി ആലോചിച്ചു് അതു് ഇവിടെ പറ്റുന്ന വിധത്തിലാണെങ്കിൽ മാത്രമേ ആ തീരുമാനം അന്വേഷിച്ചായിരിക്കുകയുള്ളു.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഈ സബ്ബു് അസിസ്റ്റാണ്ടു് സർജൻമാരുടെ മെഡിക്കൽ കാളിഫിക്കേഷൻ എന്താണു ?

റാവു ബഹദൂർ ടി. കെ. നായർ : L.M.P.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : ഇതു് ഇപ്പോഴും ഉണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: എത്ര കാലമായി എടുത്തുകളഞ്ഞിട്ടു ?

റാവു ബഹദൂർ ടി. കെ. നായർ : ഏതാണ്ടു് പത്തു കൊല്ലമായി.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : എം. ബി. ബി. എസ്സു്. പാസ്സായവരേക്കാൾ, എൽ. എം. പി. പാസ്സായി പത്തു കൊല്ലത്തോളം സർവ്വീസുള്ളവരായിരിക്കും ഭേദമെന്നു ഗവണ്മെണ്ടിന്നറിയാമൊ ?

റാവു ബഹദൂർ ടി. കെ. നായർ : പുതിയതായിട്ടു ഡിഗ്രി എടുത്തു വന്നിട്ടുള്ള ആളുകളും എൽ. എം. പി. പാസ്സായി പത്തു കൊല്ലം പ്രാക്ടീസുള്ള ആളുകളുംകൂടി താരതമ്യപ്പെടുത്തിനോക്കിയാൽ രണ്ടും രണ്ടുതരത്തിലാണു് കാണുന്നതു്.

COIR FACTORY—STARTING OF

124. Mr. M. I. Paul *(Narakkal)*: Will Government be pleased to state.—

Whether the Government have taken any action for the starting of a Coir Factory at Narakkal, if so, what is the scheme in view?

Mr. C. R. Iyyunni *(Minister for Revenue)*:

There is no proposal to start a Coir Factory at Narakkal; but it is proposed to organise the Coir Industry in the locality on a co-operative basis.

PORAMBOKE LANES—OPENING OF

125. മിസ്റ്റർ എം. കെ. വള്ളീസ്സു് : താഴെ പറയുന്ന ചോദ്യത്തിന്നു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമൊ.—

പള്ളിപ്പുറം വില്ലേജിൽ ഞൊണ്ടിയുടെ കടത്തു്, ചക്കരക്കടവുകടത്തു്, ചൊറായി ബോട്ടുജെട്ടി എന്നിവിടങ്ങളിലേക്കു് വൈപ്പിൻ-പള്ളിപ്പുറം റോഡിൽനിന്നുള്ള പുറമ്പോക്കു വഴികൾ ഇക്കൊല്ലം ഉറക്കുമൊ ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ : വൈപ്പിൻ-പള്ളിപ്പുറം റോഡുപണി പൂർത്തിയാക്കുന്നതോടുകൂടി ഈ പുറമ്പോക്കു വഴികൾ ഉറക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly